MONDAY 04-04-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/04/2022.

1. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

2. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ 5 മാസം മുതൽ 2 വർഷവും 9 മാസവും വരെ പ്രായമുള്ള 15 മുട്ടനാടുകളെയും പെണ്ണാടുകളെയും ഏപ്രിൽ മാസം 11-ന് പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഏപ്രിൽ 11 -ന് രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

3. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏപ്രിൽ 09 വരെ സമർപ്പിക്കാം. കരടു ബില്ലിന്റെ കോപ്പി https://commerce.gov.in എന്ന കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും http://rubberboard.gov.in എന്ന റബ്ബർ ബോർഡിന്റെയും വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in ഇമെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദാനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ-പിതൃ ശേഖരത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471-2478585, 9495000914 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

6. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ഏപ്രിൽ 5) രാവിലെ 11 മണി മുതൽ **മൂല്യവർദ്ധിത പാലുത്പന്നങ്ങൾ ആരോഗ്യത്തിനും ആദായത്തിനും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ ഈ മാസം 4-ന് വൈകിട്ട് 5 മണി വരെ **0476–2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്.

7. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ ഏപ്രിൽ മാസം 6, 7 **പശുവളർത്തൽ, 12-ന് നായ വളർത്തൽ, 20,21 ആട് വളർത്തൽ, 29,30 മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

8. ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള **മീലിമുട്ടയെയും** പരന്ന ആകൃതിയിലുള്ള **ശൽക്കകീടങ്ങളേയും** നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് **ലക്കാനിസീലിയം ലക്കാനി** എന്ന കുമിൾ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമുട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ തളിച്ചു കൊടുക്കണം. ഇതു വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. പപ്പായ

മീലിമുട്ടക്കെതിരെ **അസിരോഫാഗസ് പപ്പായ** എന്ന എതിർ പ്രാണികളെ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ, മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ **0487 – 2438303, 0487 – 2370773** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

9. പ്രതിരോധശേഷി കുറയാൻ സാധ്യതയുള്ളതിനാൽ വേനൽക്കാലം തുടങ്ങുന്നതിനു മുമ്പേ കന്നുകാലികൾക്ക് പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകളും വിരമരുന്നുകളും വിദഗ്ദ്ധോപദേശ പ്രകാരം നൽകേണ്ടതാണ്. പ്രതിരോധ കുത്തിവെയ്പുകൾ ആവുന്നത്ര രാവിലെയോ, വൈകുന്നേരങ്ങളിലോ നൽകുവാൻ ശ്രമിക്കുക. പനിയുണ്ടെങ്കിൽ തൊഴുത്തിലോ തണലുള്ളിടത്തോ പനി മാറുന്നതുവരെ വിശ്രമിക്കുവാനുള്ള സൗകര്യം നൽകണം. തൊലിപ്പുറമേയുള്ള പരാദങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, തീറ്റയെടുക്കുന്നതിനുള്ള മടി, മൂത്രത്തിലെ തവിട്ട് നിറം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം